# കിനാലൂരിലേക്കു മാത്രമായി ഒരു സ്വകാര്യ സമർപ്പിതപാത വേണ്ടതുണ്ടോ?

# ഇനി നിങ്ങൾ പറയൂ!

മനുഷ്യന് ഈ ഭൂമിയിൽ സമാധാനത്തോടു കൂടി ജീവിക്കുന്നതിനാവശ്യമായ പാശ്ചാത്തല സൗകര്യങ്ങൾ പ്രകൃതി തന്നെ ഇവിടെ ഒരുക്കിയിട്ടുണ്ട്. പ്രകൃതിയോടിണങ്ങി, അതിന്റെ നിയമങ്ങൾ പാലിച്ചു കൊണ്ട് ജീവിക്കുവാൻ അവൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ എപ്പോഴെല്ലാം അമിതമായ സുഖസൗകര്യങ്ങൾക്കു വേണ്ടി പ്രകൃതിയെ മനുഷ്യൻ മറികടന്നിട്ടുണ്ടോ അപ്പോഴെല്ലാം അവന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായുള്ള ദുരന്തങ്ങൾ അവനെ പിടികൂടിയിട്ടുണ്ട്. ഇപ്പോൾ കോഴിക്കോട് ജില്ലയിൽ ഒരു വൻ ദുരന്തത്തിനു വേണ്ട ചേരുവകൾ ഭരണ കൂടത്തിന്റെ വകയായി ഒന്നിപ്പിച്ചു കൊണ്ടിരിക്കുകയാണ്.അതാണ് 625 ഏക്കറോളം വയൽ കുന്നിടിച്ച് മണ്ണിട്ടു നികത്തി തണ്ണീർത്തടങ്ങൾ നശിപ്പിച്ചു കൊണ്ട് ജലക്ഷാമത്തിന് വഴിയൊരുക്കി കൊണ്ടുള്ള മാളിക്കടവ്- കിനാലൂർ എസ്റ്റേറ്റ് 'ദ്രോഹപാത.' മലേഷ്യയിൽ നിന്നും വരുന്ന വ്യവസായ ഭീമന്മാരുടെ ലാഭക്കൊതി ശമിപ്പിച്ചു കൊടുക്കുന്നതിനായി തലമുറകൾ കൈമാറി കാത്തു സൂക്ഷിച്ചു വന്നിരുന്ന സമൂഹത്തിന്റെ ജലനാളികൾ കൂടിയായ നെൽപ്പാടങ്ങൾ അപ്രത്യക്ഷമാക്കുന്നതിനായുള്ള മനുഷ്യ നിർമ്മിത ദുരന്തം ഇവിടെ നടപ്പാക്കാൻ പോകുകയാണ്. ഇനിയും വിവേകം നശിച്ചിട്ടില്ലാത്ത, വിചാരങ്ങൾ ബാക്കി നിൽക്കുന്ന, ജഢാവസ്ഥ പുൽകാൻ തയ്യാറാല്ലാത്ത, മനുഷ്യത്വം മരിച്ചിട്ടില്ലാത്ത, മനുഷ്യരെന്നവകാശപ്പെടാൻ കഴിയുന്ന നമ്മൾ പ്രകൃതിയെ സംരക്ഷിക്കുന്നതിനു വേണ്ടി എഴുന്നേറ്റു നിൽക്കേണ്ട സമയം ആസന്നമായിരിക്കുന്നു.

## എസ്റ്റേറ്റ് നശീകരണത്തിന്റെ നാൾവഴികൾ:-

കോഴിക്കോട് ജില്ലയിൽ പനങ്ങാട് പഞ്ചായത്തിൽ കാന്തലാട് മലവാരത്തിനരുകു പറ്റി സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് കിനാലൂർ. കിനാലൂരിൽ പ്രവർത്തിച്ചു വന്നിരുന്നതും പിന്നീട് ലോക്കൌട്ട് ചെയ്തതും 3000 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നതുമായ കൊച്ചിൻ മലബാർ എസ്റ്റേറ്റ് എന്ന വൻകിട സ്വകാര്യ റബ്ബർ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് കുറച്ചുകാലമായി ഈ പ്രദേശം വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. തൊഴിലാളി സമരത്താലും റബ്ബറിന് വർഷങ്ങൾക്കു മുൻപ് നേരിടേണ്ടി വന്ന വൻവിലക്കുറവിനെ തുടർന്നും തിരിച്ചടക്കാൻ കഴിയാത്ത ബാങ്ക് വായ്പ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയാലും മാനേ

ജ്മെന്റിലെ അഭിപ്രായ വ്യത്യാസങ്ങളെ തുടർന്നും എസ്റ്റേറ്റിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. തുടർന്ന് പ്രശ്ന പരിഹാര ങ്ങൾക്കായി രൂപം കൊടുത്ത പരിഹാര മാർഗ്ഗങ്ങൾ മറ്റൊരായിരം പ്രശ്ന ങ്ങൾക്ക് ജന്മം നൽകിക്കൊണ്ട് കുരുക്കഴിക്കാൻ കഴിയാത്ത ഒരു സമ സ്യയിലേക്ക് കൊണ്ടെത്തിക്കുകയാണുണ്ടായത്. പ്രശ്നങ്ങൾ അതിന്റെ ഉച്ഛിസ്ഥാനത്ത് നിൽക്കുമ്പോൾ രാഷ്ട്രീയ നേതൃത്വവും ഭരണകൂടവും ചില പരിഹാര മാർഗ്ഗങ്ങളുമായി ഇടപെടുകയുണ്ടായി. തൊഴിലാളി കൾക്ക് അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കു പകരമായി ഒരു ഏക്ര ഭൂമി വീതം നൽകുവാനും ബാക്കി വരുന്ന ഭൂമി വിൽക്കുവാൻ കമ്പനിയെ അനുവദിക്കുകയും ചെയ്യുന്ന രീതിയിലുള്ള പരിഹാരം ഉരു ത്തിരിഞ്ഞു വന്നു. ഇതിൽ ഭൂമി വിൽക്കുന്നതിന് കമ്പനിയെ അനുവദി ക്കുന്ന തരത്തിൽ ദുഷ്ടലാക്കോടും സ്വാർത്ഥതാൽപ്പര്യത്തിലധിഷ്ഠി തമായ ദീർഘ വീക്ഷണത്തോടും എടുത്ത രണ്ടാമതായി പറഞ്ഞ തീരു മാനത്തിലാണ് 'വ്യവസായ വികസനം' എന്ന വേഷം മാറിയ സത്യം നിലകൊള്ളുന്നത്. ഇതിനിടെ എസ്റ്റേറ്റ് ഭൂമിയിൽ നിന്നും 300 ഏക്കർ ഭൂമി സർക്കാർ KS I DC യ്ക്കു വേണ്ടി അക്വയർ ചെയ്തിരുന്നു. അതിൽ നിന്നും 30 ഏക്ര ഭൂമി 'ഉഷാസ്കൂൾ ഓഫ് അത്‌ലറ്റി ക്സിനു' നൽകുകയും അതിനെ തുടർന്ന് ഇന്ത്യയുടെ എക്കാലത്തേയും അഭിമാനമായ ഒളിമ്പ്യൻ പി.ടി ഉഷ അവിടെ അവരുടെ സ്പോർട്ട്സ് സ്കൂൾ സ്തുത്യർഹമായ വിധത്തിൽ നടത്തി വരികയും ചെയ്യുന്നു. ബാക്കി നിൽക്കുന്ന 270 ഏക്കർ ഭൂമിയിൽ ഏതാനും സ്ഥലത്ത് കേര ളത്തെ വ്യവസായ വത്ക്കരിച്ച് വികസിപ്പിക്കുന്നതിന് പ്രതിജ്ഞയെടു ത്തിട്ടുള്ള KS I DC യുടെ വകയായി കോടിക്കണക്കിന് രൂപ ചിലവ ഴിച്ച് (ദുർവ്യയം ചെയ്ത്) ഗ്രോത്ത് സെന്റർ എന്ന പേരിൽ രണ്ട് കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് 14 വർഷമായി ഒരു കാവൽക്കാരനെ പോലും നിയമിക്കാതെ 'അനാശാസ്യ' വ്യവസായത്തിനായി വിട്ടുകൊടുത്തിരി ക്കുകയാണ്. ഇതിനു സമാനമായി ചൂണ്ടിക്കാണിക്കാനുള്ള വികസന മാതൃക കൃഷിവകുപ്പിനു കീഴിൽ കോഴിക്കോട് സിവിൽസ്റ്റേഷനടു ത്തായി വേങ്ങേരിയിൽ വയലുകളെല്ലാം നികത്തി, കോടികൾ ചെലവ ഴിച്ച്, ഉയർന്ന പരിസ്ഥിതി പ്രശ്നങ്ങളുയർത്തിക്കൊണ്ട് നിർമ്മിച്ച കാർഷിക വിപണന കേന്ദ്രമാണ്. ആദ്യം പറഞ്ഞ ഗ്രോത്ത് സെന്ററിൽ അനാശാസ്യ വ്യവസായം വ്യവസ്ഥാപിതമായി നടക്കുന്നുവെങ്കിൽ പച്ച ക്കറി വിപണന കേന്ദ്രത്തിൽ വർഷത്തിൽ ഒരു NCC ക്യാമ്പ് ചിട്ടയോടു കൂടി നടത്താൻ കഴിയുന്നു എന്ന നേട്ടം കുറച്ചുകാണാവതല്ല. ഏതെ ങ്കിലും ഒരു മുന്നണി നേതൃത്വം കൊടുത്ത സർക്കാരുകളല്ല മറിച്ച് വ്യത്യസ്ഥ മുന്നണികളുടെ കീഴിൽ കാലാകാലങ്ങളിൽ അധികാരത്തിൽ

വന്ന എല്ലാ സർക്കാരുകളും ഈ പാപത്തിൽ പങ്കാളികളാണ്. ഇതൊക്കെയാണല്ലോ നമ്മുടെ വികസന മാതൃകകൾ, ഇത് ചൂണ്ടിക്കാണിക്കുന്നവർ വികസന വിരോധികളും !

നാടകാന്ത്യത്തിൽ KSIDC അക്വയർ ചെയ്ത 300 ഏക്ര കഴിച്ച് ബാക്കി നിൽക്കുന്ന 2700 ഏക്ര എസ്റ്റേറ്റ് ഭൂമിയിൽ തൊഴിലാളികൾക്ക് ഗ്രാറ്റിവിറ്റിയ്ക്ക് പകരം നൽകിയ ഭൂമി കഴിച്ച് ബാക്കിയുള്ളത് ഏതാണ്ട് പൂർണ്ണമായും ഇവിടെ ഭൂമാഫിയകൾ നേരിട്ടും ബിനാമിയായും.കൈയിലൊതുക്കി കഴിഞ്ഞിരുന്നു. ആർക്കെല്ലാം ഇവിടെ ഭൂമിയുണ്ടെന്ന കാര്യം എസ്റ്റേറ്റിനടുത്ത് ചെന്ന് അന്വേഷിച്ചാൽ ആർക്കും തന്നെ നേരിട്ടറിയാൻ കഴിയുന്നതാണ്. ഈ ഭൂമി വൻ വിലക്ക് മറിച്ചു വിൽക്കുക എന്നത് ഇത് കൈയ്യടക്കിയ ഭൂമാഫിയകളുടെ ആവശ്യമാണ്. ഭൂമി വിൽക്കുന്നതിന് കോടതികളിൽ നിന്ന് അടിക്കടി തിരിച്ചടികൾ നേരിട്ടപ്പോൾ അവർ തിരഞ്ഞു കൊണ്ടിരുന്ന പഴുതുകളിലൊന്നിലൂടെ വ്യവസായ വൽക്കരണത്തിലൂടേയും അതിനു പണം മുടക്കാൻ തയ്യാറുള്ള വിദേശ മൂലധന ശക്തികളിലൂടേയും ഭൂമി മറിച്ചു വിറ്റ് തടിയൂരുകയും ചെയ്യുന്ന രീതിയിലുള്ള ഒരു 'ത്രീഇൻ വൺ'സൊലൂഷന്റെ പ്രയോഗവൽക്കരണമാണ് കിനാലൂരിൽ നടക്കാൻ പോവുന്നത്. കിനാലൂരിൽ തകൃതിയായി ഭൂമി വാങ്ങിക്കൂട്ടൽ നടന്ന അതേ അവസരത്തിൽ തന്നെ നന്മണ്ട പഞ്ചായത്തിലും കാക്കൂർ പഞ്ചായത്തിലും വ്യാപിച്ചു കിടക്കുന്ന പൊൻകുന്നു മലയിലും സമീപ കുന്നുകളിലും സ്ഥിതി ചെയ്യുന്ന പാഴ്ഭൂമി തദ്ദേശീയരും അന്യസംസ്ഥാനക്കാരും വൻ തോതിൽ വാങ്ങിക്കൂട്ടുകയും ചെയ്തിട്ടുണ്ട്. മൂന്ന് നാലു വർഷം മുമ്പ് അതുവരെ നികുതി പോലും അടക്കാതിരുന്ന ഇത്തരം ഭൂമിയുടെ നികുതി അടച്ച് രേഖകൾ കുറ്റമറ്റതാക്കി കച്ചവടം ചെയ്യുന്നതിനു വേണ്ടി വില്ലേജോഫീസുകളിൽ ഉടമകളും ഇടനിലക്കാരും ചേർന്നുണ്ടാക്കിയ തിരക്ക് എല്ലാവർക്കും അറിവുള്ളതാണ്. ഈ രണ്ടു സംഭവങ്ങളും കൂട്ടി വായിച്ചാൽ ഇതിന്റെ പിന്നിലെ കളികൾ ഏതാണ്ട് മനസ്സിലാക്കാവുന്നതാണ്.

**ഭൂമാഫിയയും മൂലധന ശക്തികളും കൈകോർക്കുന്നു:-**

ലോകത്ത് മുതലാളിത്തം അതി വിദഗ്ദമായി ആവിഷ്ക്കരിച്ചതും സോഷ്യലിസ്റ്റ് രാജ്യങ്ങൾ, കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ എന്ന വേർതിരിവില്ലാതെ അവിടങ്ങളിലെ ഭരണ കൂടങ്ങൾക്കിടയിൽ ലോകമുതലാളിത്തം സന്നിവേശിപ്പിച്ചതുമായ ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്ന കെണിയിൽ പുരോഗമന സർക്കാറുകൾവരെ പെട്ടുപോയ കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. നേരത്തെ വേൾഡ് ബാങ്കിനോടും മുതലാളിത്തത്തിന്റെ തലതൊട്ടപ്പന്മാരായ മൂല

ധനശക്തികളോടും സാമ്പത്തികായിത്തം കൽപ്പിക്കുകയും അവരുമായി വിട്ടു നിൽക്കേണ്ട ദൂരത്തിന്റെ കണക്കുകൾ പ്രത്യേകം പ്രത്യേകം അടയാളപ്പെടുത്തിയിരുന്നവരും കാലാന്തരത്തിൽ ഇവരെയെല്ലാം തോളിലേറ്റുന്ന കാഴ്ച നമുക്ക് കാണേണ്ടി വന്നു. അഭിപ്രായവും വിപ്ലവവും ഇരുമ്പുലക്കയല്ല എന്ന വിശകലനത്തിനൊടുവിൽ ലോകമുതലാളിമാർക്കെല്ലാം പരവതാനി വിരിക്കുന്ന കാര്യത്തിൽ, പ്രസ്തുത തിന്മകൾക്ക് ഇന്ത്യാരാജ്യത്തേക്ക് പ്രവേശനാനുമതി കൊടുത്തവരും ഇതിനെ എതിർക്കുവാൻ ബാദ്ധ്യതപ്പെട്ടവരും പരസ്പരം മത്സരിക്കുന്ന കാഴ്ച ഇതിനകം നമ്മൾ കണ്ടുകഴിഞ്ഞു. വികസനം വ്യവസായ വൽക്കരണം എന്നൊക്കെ പറഞ്ഞ് ഇത്തരം നയവൈകല്യങ്ങളെ വെള്ള പൂശി സാധാരണക്കാരന്റെ കണ്ണിൽ പൊടിയിടുക എന്നത് രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം പ്രയാസകരമായ കാര്യമല്ല. മനുഷ്യന്റെ അസ്ഥിത്വം വരെ വാണിജ്യവൽക്കരിക്കുമ്പോൾ മണ്ണും വിണ്ണും വായുവും വെളിച്ചവും എന്നു വേണ്ട മനുഷ്യന് ജീവൻ നിലനിറുത്തുന്നതിനാധാരമായ എല്ലാ സാധനങ്ങളും ശതകോടീശ്വരായ വ്യവസായ ഭീമന്മാർ ലാഭത്തിന്റെ അടിസ്ഥാനത്തിൽ ക്രയവിക്രയം നടത്താവുന്ന കച്ചവട ചരക്കുകളായി കണാൻ തുടങ്ങിയതോടെ മനുഷ്യരാശിയുടെ ദുര്യോഗം തുടങ്ങുകയായിരുന്നു.ഇപ്രകാരം മുകളിൽ പറഞ്ഞ മേൽത്തരം ചരക്കുകൾ ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലുണ്ടോ അവിടെയെല്ലാം കനത്ത മടിശ്ശീലയുമായി അവരെത്തികൊണ്ടിരുന്നു. സ്വാഭാവികമായും ഇത്തരക്കാരുടെ ആകർഷകമായ ഒരു പ്രദേശമാണ് പ്രകൃതി ഭംഗി മുറ്റി നിൽക്കുന്ന നമ്മുടെ കൊച്ചു കേരളം. കിനാലൂർ എസ്റ്റേറ്റിൽ ബാക്കി നിൽക്കുന്ന 2700 ഏക്രക ഭൂമിയിൽ മറിച്ചു വിൽക്കുവാനായി കൈവശപ്പെടുത്തി കൈവശം വെച്ചു വരുന്ന ഭൂമാഫിയകളുടേയും അവരുടെ ബിനാമികളുടേയും മുമ്പിലേക്ക് ഒരു തിരക്കഥയുടെ പകർന്നാട്ടം പോലെ മലേഷ്യൻ കമ്പനി പറന്നെത്തുന്ന കഴ്ചയാണ് പിന്നീട് നമ്മൾ കണ്ടത്. മൂർച്ഛയുള്ള കത്തിയും അപ്പൂപ്പന്റെ താടിയും ഒത്തു വന്നപ്പോൾ പിന്നീടുള്ള നീക്കങ്ങളെല്ലാം ദ്രുതഗതിയിലായിരുന്നു. തുടർന്ന് മലേഷ്യൻ പണച്ചാക്കുകളുമായി ഇവിടുത്തെ KS I D Cയും സർക്കാറിന്റെ പ്രതിനിധികളും ചേർന്ന് നടത്തിയ ചർച്ചയെ തുടർന്ന് ആദ്യം ലഭിച്ച വിവരം കിനാലൂരിൽ ഒരു ഫ്രീസോൺ സൃഷ്ടിച്ച് മലേഷ്യൻ സർക്കാറിന്റെ കീഴിൽ ഒരു ഉപനഗരം വരാൻ പോകുന്നു എന്നായിന്നു. ഗോൾഫ് മൈതാനം, മസ്സേജ് സെന്റർ, ഹെൽത്ത് ക്ലബ്, സ്വിമ്മിംഗ് പൂൾ, നക്ഷത്ര ആശുപത്രി, നക്ഷത്ര ഹോട്ടൽ മറ്റു വിനോദ കേന്ദ്രങ്ങൾ എന്നിവ അടങ്ങിയ ഒരു സമുച്ചയം ഇരുകക്ഷികളുടേയും ഉടമസ്ഥതയിൽ (KS I D Cയ്ക്ക് 11%ഷെയർ മാത്രമെയുള്ളൂ വെന്നത്

വേറേ കാര്യം) ഉടൻ പ്രവർത്തനം തുടങ്ങുന്നു എന്ന് കേട്ടു. ഇതിനായി മറ്റു രണ്ട് ഉപാധികൾ കൂടി അവർ മുന്നോട്ടു വെച്ചിരുന്നു. ഒന്ന് കോഴിക്കോട് എയർപോർട്ട് സമുച്ചയത്തിനരികെ 50 ഏക്കർ ഭൂമിയും കിനാലൂരിലേക്ക് മാളിക്കടവിൽ നിന്നും (എയർപോർട്ട് തൊട്ട് വേണ്ട. മാളിക്കടവ് മുതൽ മാത്രം!) ഒരു ഡെഡിക്കേറ്റഡ് (സമർപ്പിത) നാലുവരിപാതയും. ഇത് പ്രകാരം കമ്പനിയുമായി MOU (മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ്) ഒപ്പു വെക്കുകയും ചെയ്തു.

**ജനജാഗ്രത സമിതി സാഹചര്യത്തിന്റെ സൃഷ്ടി:-**

കിനാലൂരിലേക്കുള്ള നിർദ്ദിഷ്ട നാലുവരി പാതയ്ക്കു വേണ്ടി പല പരിശോധനകളും പഠനങ്ങളും നടത്തുകയും അവസാനമായി മാളിക്കടവിൽ നിന്ന് തുടങ്ങി കക്കോടി, ചേളന്നൂർ, കാക്കൂർ, നന്മണ്ട, ഉണ്ണികുളം, പനങ്ങാട് എന്നീ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന ഒരു റൂട്ട് വിൽബർസ്മിത്ത് എന്ന സ്വകാര്യ കമ്പനിയുടെ പ്രാഥമിക സർവ്വേ പ്രകാരം തിട്ടപ്പെടുത്തുകയും ഉണ്ടായി. ജനവാസ കേന്ദ്രങ്ങളിലൂടെ 100 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് അതിൽ 30 മീറ്റർ വീതിയിൽ ഒരു നാലു വരി പാതയും ഒരു മോണോറയിലും കുന്നിടിച്ചും മലകൾ നിരത്തിയും വയലുകൾ നികത്തിയും നിർമ്മിക്കാൻ പോകുകയാണ്. മൊത്തം റോഡിന്റെ വിസ്തൃതിയിൽ 75% നെൽ വയലുകളാണ്. ഈ ഒരു പാതകം അരങ്ങേറാൻ പോകുന്നതിനെ തടയുന്നതിനായിട്ടാണ് ജനജാഗ്രതാ സമിതി രൂപം കൊണ്ടത്. ജനജാഗ്രതാ സമിതി എന്നു പറയുന്നത് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിൻബലത്തിലോ മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടിയോടുള്ള എതിർപ്പിന്റെയോ അടിസ്ഥാനത്തിലോ ഉടലെടുത്ത ഒന്നല്ല തന്നെ. നിർദ്ദിഷ്ട പാത ഈ നാട്ടിൽ ഉയർത്താൻ പോകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളോട് വിയോജിപ്പുള്ള പരിസ്ഥിതി പ്രവർത്തകരും ഇതിന്റെ പേരിൽ വീടും കുടിയും കിടപ്പാടവും നഷ്ടപ്പെട്ട് വഴിയാധാരമാകാൻ പോകുന്ന ഇരകളും ചേർന്നുള്ള ഒരു കൂട്ടായ്മ മാത്രമാണ് ജനജാഗ്രതാ സമിതി. ജനജീവിതത്തിന്റെ സൈ്വര്യം നഷ്ടപ്പെടുത്താത്തതും അന്തരീക്ഷ- ജലമലിനീകരണമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്താത്തതുമായ ഏത് വ്യവസായവും കിനാലൂരിൽ വരുന്നതിനെ ഇരുകൈകളും നീട്ടി സ്വാഗതം ചെയ്യുന്ന കാര്യത്തിൽ ജനജാഗ്രതാ സമിതി മുന്നിലുണ്ടാവുമെന്ന് മാത്രമല്ല അവിടെ സ്വാഗത കമാനമുയർത്താനും ഞങ്ങൾ മറ്റാരുടേയും പിന്നിലായിരിക്കുകയുമില്ല. കിനാലൂരിൽ വന്നേക്കാവുന്ന വികസന സംരംഭങ്ങൾക്ക് ഞങ്ങൾ ഒരിക്കലുമെതിരല്ല മറിച്ച് അതിനു വേണ്ടി അനാവശ്യമായി നിർമ്മിക്കുന്ന ദ്രോഹപാതയെ മാത്രമാണ് ഞങ്ങളെതിർക്കുന്നത്. മതത്തിനും ജാതിയ്ക്കും രാഷ്ട്രീയത്തിനുമതീതമായി ഒരു നല്ല

കാര്യത്തിനു വേണ്ടിയുള്ള നന്മയുടെ കൂട്ടായ്മ മാത്രമാണ് ഈ വേദി. അതേ സമയം എല്ലാ രാഷ്ട്രീയ പാർട്ടികളിൽ പെട്ടവരും ഒരു രാഷ്ട്രീയം ഇല്ലാത്തവരും ഇക്കാര്യത്തിൽ ഞങ്ങളോട് തോൾ ചേർന്നു നിൽക്കുന്നു. കേരളത്തിലെ പല രാഷ്ട്രീയ സംഘടനകളും സാസ്കാരിക സംഘടനകളും പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ മുന്നണി പോരാളികളും ഞങ്ങൾ മുന്നോട്ട് വെയ്ക്കുന്ന പ്രശ്നത്തിന്റെ ധാർമിക വശത്തിന്റെ പേരിൽ മാത്രം ഞങ്ങളെ പിൻതുണയ്ക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് രാഷ്ട്രീയ മൈലേജ് ഉണ്ടാക്കി കൊടുക്കുക ഞങ്ങളുടെ ലക്ഷ്യവുമല്ല.

**അടവുകൾ മാറ്റുന്നു:-**

നിർദ്ദിഷ്ട നാലുവരി പാതയ്ക്കെതിരെ ജനവികാരം ശക്തമായി ഉയരുകയും അത് അധികാരികൾക്കെതിരാവുകയും ചെയ്തപ്പോൾ അവർ പെട്ടെന്ന് ചുവടു മാറ്റുകയുണ്ടായി. ഇപ്പോൾ അധികാരികളുടെ ഭാഗത്തു നിന്നും 'ഉപനഗരം' എന്ന പദ്ധതിയെ കുറിച്ച് ഒന്നും തന്നെ കേൾക്കുന്നില്ല. മറിച്ച് KSIDC യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മലേഷ്യൻ പണച്ചാക്കുകളുടെ ഒരു എഡ്യു സിറ്റിയും ഒരു മെഡിസിറ്റിയുമാണ് തുടങ്ങാൻ പോകുന്നത് എന്നായി പ്രചാരണം. ഇതു പ്രകാരം MAHSA ( മലേഷ്യൻ ഹെൽത്ത് സയൻസ് അക്കാദമി) യുടെ കീഴിൽ ഒരു സ്വകാര്യ നക്ഷത്ര ആശുപത്രി, ഒരു ഗുളിക നിർമ്മാണ ഫാക്ടറി, ഒരു മെഡിക്കൽ എക്യൂപ്മെന്റ് ഫാക്ടറി, ഒരു സ്വാശ്രയ മെഡിക്കൽ കോളേജ്, ഒരു സ്വാശ്രയ നഴ്സിംങ്ങ് കോളേജ്, ഒരു സ്വാശ്രയ ഫാർമസി കോളേജ്, ഒരു സ്വാശ്രയ ഡന്റൽ കോളേജ് എന്നിവയാണത്രെ തുടങ്ങാൻ പോകുന്നത്. 'തൈലാദി വസ്തുക്കളശുദ്ധമായാൽ പൈലോതു തൊട്ടാൽ അവ ശുദ്ധമായീടും' എന്ന ചൊല്ലു പോലെ, തുടങ്ങുന്നത് സ്വാശ്രയ സ്ഥാപനങ്ങളാവുക, അവ വിദേശ സ്വകാര്യ ഉടമസ്ഥതയിലാവുക എന്ന ദോഷം, കൊണ്ടുവരുന്നത് പുരോഗമന സർക്കാരുകളാണെങ്കിൽ മാറുന്നതല്ലേയുള്ളു! ഇത്തരം ഒരു സംരംഭത്തിന് മുതൽമുടക്കാൻ സംരംഭകരെതേടി മലേഷ്യയിൽ പോവേണ്ടതുണ്ടോ? ഈ മാതിരി നിരവധി സംരംഭങ്ങൾ തുടങ്ങാൻ വേണ്ട പണം കീശയിലിട്ട് നടക്കുന്നവർ നമ്മുടെ കോഴിക്കോട് ജില്ലയിൽ തന്നെ നിരവധിയില്ലേ? 370 ഏക്കറിൽ ഒരു എഡ്യുസിറ്റിയും ഒരു മെഡിസിറ്റിയും നടത്തുന്നതിന് നാലു വരി സമർപ്പിത സ്വകാര്യ പാത എന്തിനാണ്?. ഇവയെ കുറിച്ചൊന്നും തന്നെ വ്യക്തമായി ഒരു ഉത്തരവും ജില്ലാ ഭരണകൂടത്തിൽ നിന്നോ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നോ തന്നെ ലഭിക്കുന്നില്ല. നിർദ്ദിഷ്ട റോഡിനെ കുറിച്ച് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ ഒന്നും അറിയില്ലെന്ന മറുപടിയാണ് ജില്ലാ ഭരണകൂടത്തിൽ നിന്ന് ലഭിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻ വിളിച്ച യോഗത്തിൽ വിൽബർസ്മിത്ത് കമ്പനിയുടെ ആളുകളാണ് വിശദീകരണം നൽകുന്നത്. അവ എത്ര കണ്ട് ആധികാരികമാണ്, വിശ്വസനീയമാണ്? ഇവയെല്ലാം തന്നെ കാര്യങ്ങളിൽ നിഗൂഢതയുള്ളതായി സംശയിക്കാൻ പ്രേരിപ്പിക്കുന്നു.

## സിവിൽ സർവ്വീസിന്റെ ഇരട്ടത്താപ്പ്:-

ഓരോകാലത്തും അധികാരത്തിൽ വരുന്ന സർക്കാരുകളുടെ നയങ്ങൾ നടപ്പിൽ വരുത്തുകയാണ് സിവിൽ സർവ്വീസിന്റെ ദൗത്യം. അതിനാണ് ശമ്പളം നൽകിക്കൊണ്ട് അവരെ നിയമിച്ചിരിക്കുന്നത്. ആ നിലയ്ക്ക് ഇപ്പോൾ അധികാരത്തിലുള്ള സർക്കാറിന്റെ നയങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സിവിൽ ഭരണകൂടം പ്രതിജ്ഞാബദ്ധമാണ്. ഇനി ഒരു ഭരണ മാറ്റമുണ്ടാകുമ്പോൾ മാറി വരുന്ന സർക്കാറിന്റെ നയങ്ങളാവും ഉദ്യോഗസ്ഥർ നടപ്പിലാക്കുക. അതാണ് സിവിൽ സർവ്വീസിന്റെ ക്രഡിബിലിറ്റി. എന്നാൽ കോഴിക്കോട് ജില്ലാ ഭരണകൂട നേതൃത്വം ഇപ്പോൾ വിചിത്രമായ ഒരു ഔദ്യോഗിക കൃത്യനിർവഹണത്തിലാണേർപ്പെട്ടിട്ടുള്ളത്. സമീപകാലത്ത് കേരള സർക്കാർ നടപ്പിലാക്കിയ തണ്ണീർതട-വയൽ സംരക്ഷണ നിയമത്തിന്റെ നടത്തിപ്പിനായി ജില്ലയിലെ എല്ലാ നീർത്തടങ്ങളുടേയും നെൽ വയലുകളുടേയും സംരക്ഷണത്തിനായുള്ള സർവ്വെ നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വില്ലേജ് സ്റ്റാഫിനേയും മറ്റ് റവന്യൂ ഉദ്യോഗസ്ഥരേയും സക്രിയരാക്കുക. അതോടൊപ്പം തന്നെ കിനാലൂരിലേക്കുള്ള മലേഷ്യൻ കമ്പിനിക്കു വേണ്ടിയുള്ള പ്രത്യേക പാത നിർമ്മിക്കുന്നതിനായി നുകളിൽ പറഞ്ഞ വയലുകളും തണ്ണീർതടങ്ങളും കുന്നിടിച്ച് നിരത്തി മണ്ണിട്ടു നിരപ്പാക്കുന്നതിനായി വിൽബർസ്മിത്ത് കമ്പനിക്ക് സർവ്വേ നടത്താനായി റവന്യൂ ഉദ്യോഗസ്ഥർക്കും പോലീസിനും നേതൃത്വം കൊടുക്കുക. വേട്ടക്കാരനൊപ്പവും ഇരയ്ക്കൊപ്പവും ഒരേ സമയം ഓടുന്ന കാഴ്ച രസകരം തന്നെ!.

## പരിസ്ഥിതി പ്രശ്നങ്ങൾ എത്രമാത്രം:-

കുന്നിടിച്ച് മലകൾ നിരത്തി വയലുകൾ മണ്ണിട്ടു നികത്തി കടന്നുപോകുന്ന നിർദ്ദിഷ്ട പാത ഉയർത്താൻ പോകുന്ന പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് നമുക്കൊന്ന് വിശകലനം ചെയ്യാം. ഈ പാത തുടങ്ങുന്നത് വേങ്ങേരിക്കടുത്തുള്ള മാളിക്കടവിൽ നിന്നും നേഷണൽ ഹൈവേ 17ന്റെ ബൈപ്പാസ് റോഡിൽ നിന്നുമാണ്. മാളിക്കടവിനടുത്ത് മോരിക്കര എന്ന സ്ഥലം പൂനൂർ പുഴയോട് ചേർന്ന് നിൽക്കുന്ന ഒരു താഴ്ന്ന പ്രദേശമാണ്. കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി നടപ്പിലായതോടെ വയനാട്ടിലെ പടിഞ്ഞാറെത്തറ അണക്കെട്ടിൽ തടയുന്ന വെള്ളം കാട്ടിനുള്ളിൽ ഭൂമിക്കടിയിലുടെയുള്ള തുരങ്കം വഴി കക്കയം ഡാമിലെത്തിച്ച് വൈദ്യുതി

നിർമ്മിച്ചു വരികയാണ്. മഴക്കാലങ്ങളിൽ ഇപ്രകാരം കക്കയം ഡാമിൽ ഒഴുകി എത്തുന്ന വൻ മഴവെള്ളം, ഡാമിന്റെ നിയന്ത്രണ രേഖയ്ക്ക് മുകളിലെത്തുമ്പോൾ സുരക്ഷിതത്വം മുൻനിർത്തി മുന്നറിയിപ്പുകളൊന്നുമില്ലാതെ തുറന്നു വിടുക പതിവാണ്. പൂനൂർ പുഴയിലേക്ക് തുറന്നു വിടുന്ന ഈ അമിത ജലം അതിന്റെ കരയിൽ വസിക്കുന്നവർക്ക് ആഗ്മെന്റേഷൻ സ്കീം പൂർണ്ണമായി നടപ്പിലായതോടെ എല്ലാ മഴക്കാലത്തും ഏതാണ്ട് ആറുമാസത്തോളം പ്രവചനാതീതമായ പ്രളയം സമ്മാനിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ കരയിൽ താമസിക്കുന്നവർ ഈ ദുരന്തം അനുഭവിച്ച് തീർക്കുകയല്ലാതെ ഇതിന് ആർക്കും ഒരിക്കലും ഒരു പരിഹാരം കണ്ടെത്താൻ കഴിയാത്തതാണ്. ഇതിന്റെ ഏറ്റവും വലിയ ഇരകളാണ് കക്കോടിക്കടുത്ത മോരീക്കര എന്ന താഴ്ന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ. ഈ പ്രദേശത്തു കൂടി 6 മീറ്റർ ഉയരത്തിൽ മണ്ണിട്ട് നിർദ്ദിഷ്ട റോഡ് കടന്നു പോകുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഏതാണ്ട് 600ൽ പരം വീട്ടുകാർ സ്ഥലം ഒഴിഞ്ഞു പോകേണ്ടതായി വരും. ഈ ആളുകൾ എവിടേക്ക് പോകും. എവിടെ എങ്ങിനെ ജീവിയ്ക്കും.

26 കിലോമീറ്ററോളം വരുന്ന റോഡിന്റെ വിസ്തൃതിയുടെ 75%വും കടന്നുപോകുന്നത് നെൽവയലുകളിൽ കൂടെയാണ്. നന്മണ്ടയിലെ നാരകശ്ശേരി പാഠശേഖരത്തിൽ നിന്നു തുടങ്ങി കക്കോടിയിലൂടെ പൂനൂർ പുഴയിലവസാനിക്കുന്ന വയൽ ശൃംഘലയുടെ ഭൂരിഭാഗവും ഈ റോഡിനായി 6 മുതൽ 7 മീറ്റർ ഉയരത്തിൽ മണ്ണിട്ട് നികത്തേണ്ടതുണ്ട്. മഴക്കാലങ്ങളിൽ റോഡും വയലും ചേർന്ന് പുഴ പോലെ ഒഴുകുന്ന ഈ സ്ഥലങ്ങളിൽ മണ്ണിട്ട് നികത്തുമ്പോൾ ഈ ജലമത്രയും എങ്ങോട്ട്, എങ്ങിനെ ഒഴുകും. ചേളന്നൂരിലും വേങ്ങേരിയിലും നമ്മളനുഭവിച്ചു കൊണ്ടിരിക്കുന്നതിന്റെ ആയിരം മടങ്ങ് ഭവിഷ്യത്താണ് നമ്മെ കാത്തു നിൽക്കുന്നത്. മണ്ണിട്ട് വയൽ നികത്തുമ്പോൾ ഗതി തടസ്സപ്പെടുന്ന വെള്ളത്താൽ ഇരുകരയിലും താമസിക്കുന്ന 1700ഓളം കുടുംബങ്ങൾ വർഷക്കാലത്ത് മാറി താമസിക്കേണ്ടി വരും. നേരിട്ട് കുടിയൊഴിപ്പിക്കുന്ന 370 കുടുംബങ്ങൾക്ക് പുറമെയാണിത്. ജനകീയാസൂത്രണത്തിൻ കീഴിലും ജലനിധി പ്രകാരവും സ്ഥാപിച്ചിട്ടുള്ള 23 ശുദ്ധജല കിണറുകളും 16ഓളം തടയണകളും ഉപയോഗ ശൂന്യമാവും. ഇതിനു പുറമെ റോഡിന്റെ സമീപത്തായി താമസിക്കുന്നവരുടെ കൈവശത്തിലിരിക്കുന്ന ആയിരക്കണക്കിന് കിണറുകളും കുളങ്ങളും മഴക്കാലത്ത് വെള്ളപ്പൊക്കത്തിന്റെ ഫലമായി മലിന ജലം കയറി ഉപയോഗ ശൂന്യമായിപ്പോകും. ഈ പാത മൂലം 625 ഏക്കറോളം വരുന്ന മൂന്നുപുൽകൃഷി നടത്തുന്ന നെൽ വയൽ നശിച്ചു പോകും. 2500ഓളം

പേർക്ക് പ്രത്യക്ഷത്തിലും അത്ര തന്നെ പേർക്ക് പരോക്ഷമായി തൊഴിൽ നൽകുന്നതും, ഏകദേശം 18000 ക്വിന്റൽ ഭക്ഷ്യധാന്യങ്ങളും മറ്റ് കാർഷികോല്പന്നങ്ങളും വിളയിക്കുന്നതാണ് മേൽ പറഞ്ഞ വയലുകൾ. രൂക്ഷമായ ഭക്ഷ്യക്ഷാമത്തെ തുടർന്ന് ജില്ലാ-സംസ്ഥാന- പ്രദേശിക ഭരണകൂടങ്ങൾ കൃഷിയെ പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികളെ പോലും കൈപിടിച്ച് പാടത്തേക്ക് നയിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ മലേഷ്യ, പണം, ലാഭം എന്നൊക്കെ കേൾക്കുമ്പോൾ മറക്കേണ്ടതാണോ നമ്മുടെ കാർഷിക സംസ്കാരം. 625 ഏക്കറോളം വയൽ നികത്തുന്നതിനായി നന്മണ്ട, കാക്കൂർ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന പൊൻകുന്ന് മലയും അനുബന്ധകുന്നുകളും ലോറിയിൽ കയറാൻ തയ്യാറായി നിൽക്കുകയാണ്. മൂന്നു നാലുവർഷം മുമ്പ് മൊട്ടകുന്നുകൾ മാഫിയകൾ വാങ്ങിയതിന്റെ ഗുട്ടൻസ് ഇപ്പോൾ പിടികിട്ടിയില്ലേ?. പൊൻകുന്നു മലയുടെ നാലുഭാഗങ്ങളിലേക്കും ഒഴുകുന്ന നീരുറവുകളാണ് നന്മണ്ട, കാക്കൂർ, എടക്കര, പാവണ്ടൂർ, കൊഞ്ഞാപ്പൊയിൽ, ബാലബോധിനി, ചീക്കിലോട് പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നത്. മേലെകൊല്ലി, താഴെകൊല്ലി, തീർത്ഥങ്കര, പൂണാരംകുഴി, വെള്ളച്ചാലിൽ എന്നിവ നന്മണ്ട ഭാഗത്തേക്കു മാത്രം ഒഴുകുന്ന നീരുറവകളാണ്. ഇതു പോലെ നൂറുക്കണക്കിന് ഉറവകൾ മറ്റു പ്രദേശങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഈ കുന്നുകൾ ഇടിച്ചു നിരത്തുമ്പോൾ ഇവിടങ്ങളിലെ മുഴുവൻ ശുദ്ധജലസ്രോതസ്സുകൾ ഇല്ലാതാവുകയും നാളിതുവരെ അനുഭവപ്പെടാത്ത അതീവ ഗുരുതരമായ ശുദ്ധജലക്ഷാമവും മഴക്കാലത്ത് വെള്ളപ്പൊക്കവും മലയിടിച്ചിലുമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഇവിടങ്ങളിൽ മനുഷ്യ ജീവിതം ദുസ്സഹമാക്കും.

**നിലവിലുള്ള റോഡും ബദൽ നിർദ്ദേശവും:-**

പദ്ധതി പ്രയോഗ വൽക്കരിക്കുന്നതിന് മലേഷ്യൻ കമ്പനി വെച്ച രണ്ട് പ്രധാന ഉപാധികൾ നിഗൂഢത നിറഞ്ഞതാണ്. ഒന്ന് കോഴിക്കോട് എയർപോർട്ട് സമുച്ചയത്തിനടുത്ത് 50 ഏക്ര ഭൂമിയും മറ്റൊന്ന് ഒരു ഡെഡിക്കേറ്റഡ് (സമർപ്പിത) പാതയും. നിലവിൽ മേജർ ഡിസ്ട്രിക്ട് റോഡായി ഉയർത്തിയ കോഴിക്കോട്, ബാലുശ്ശേരി റോഡിൽ കൂടെ കിനാലൂരിലെത്താവുന്നതാണ്. കിനാലൂരിൽ ഗ്രോത്ത് സെന്റർ തുടങ്ങാനായി അന്ന് വട്ടോളി ബസാറിൽ നിന്നും കിനാലൂരിലേക്കുള്ള റോഡ് 13 മീറ്റർ വീതിയിൽ വികസിപ്പിച്ചതാണ്. എഡുസിറ്റിയിലേക്കും മെഡിസിറ്റിയിലേക്കും ഈ വഴിയെ പോയാൽ പോരെ. ഈ റോഡിൽ കൂടെ കൊണ്ടു പോവാൻ കഴിയാത്ത എന്തു കണ്ടയ്നറുകളാണ് എഡുസിറ്റിയിലേക്കും മെഡിസിറ്റിയിലേക്കും കൊണ്ടു പോകാനുള്ളത്. കുറ്റ്യാടി പദ്ധതിയുടെ പ്രവർത്തനം നടന്ന കാലത്ത് ഏതാണ്ട് 40 വർഷം മുൻപ്

കക്കയത്തേക്കുള്ള കൂറ്റൻ യന്ത്രങ്ങളും ജനറേറ്ററുകളും വരെ അന്ന് 64 ചക്രമുള്ള വാഹനത്തിൽ അനായാസം കൊണ്ടു പോയ അതേ റോഡു തന്നെയാണിത്. അതിനു ശേഷം അടുത്തിടയായി ഈ റോഡിന്റെ പദവി മേജർ ഡിസ്ട്രിക്ട് റോഡായി ഉയർത്തുകയും ചെയ്തിട്ടുള്ളതാണ്. എയർപോർട്ടിൽ നിന്നും മാളിക്കടവ് വരെ NH.17ന്റെ ബൈപ്പാസിന്റെ രണ്ടു വരി പാതയിൽ (ഡെഡിക്കേറ്റഡ് അല്ലാത്ത 45 കി.മി) കൂടെയല്ലെ മലേഷ്യൻ സംരഭകരും സാധനങ്ങളും എത്തിച്ചേരുന്നത്?. അവിടുന്നങ്ങോട്ട് വയൽ നകത്തിയുള്ള നാലുവരി പാതയിൽ കൂടെ (26കി.മി) മാത്രമെ ഇവർക്ക് പോയിക്കൂടൂ എന്നു പറയുന്നത് അസംബന്ധമല്ലേ?. ഇപ്രകാരം ഡെഡിക്കേറ്റഡ് അല്ലാത്ത രണ്ടു വരി പാതയിലൂടെ 45കി.മീറ്റർ പിന്നിട്ടു മലാപ്പറമ്പിലെത്തുന്ന ഇവിടെയുള്ളവരെക്കാളും 'മലാപ്പറമ്പുകാരായ' മലേഷ്യക്കാർക്ക് സഞ്ചരിച്ചു കൂടൂ എന്നുണ്ടെങ്കിൽ ചിലവു കുറഞ്ഞതും തീരെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്താത്തതുമായ ഒരു ബദൽ സംവിധാനത്തെ കുറിച്ച് ആലോചിച്ചുകൂടെ. വയലുകളേയും തണ്ണീർ തടങ്ങളേയും കുന്നുകളേയും മലനിരകളേയും സംരക്ഷിച്ച് പരിസ്ഥിതിക്ക് ആഘാതം വരാതിരിക്കാനും ഒരു റോഡിന്റെ പേരിൽ ഒരു വ്യവസായ പദ്ധതിയും അതുവഴി നാടിന്റെ വികസനവും നഷ്ടപ്പെടാതിരിക്കാനും മലാപ്പറമ്പ് വരെ രണ്ടു വരിയിൽ കൂടെയും അവിടുന്നങ്ങോട്ട് നാലുവരി പാതയിൽ കൂടെ തന്നെ സഞ്ചരിക്കണമെന്ന വിദേശ തമ്പുരാന്മാരുടെ ശാഠ്യം നടപ്പിലാവുന്നതിനും ഒരു ബദൽ സംവിധാനം ഞങ്ങൾ സമർപ്പിക്കുകയാണ്. മലാപ്പറമ്പിൽ നിന്നും കുന്ദമംഗലം, കൊടുവള്ളി, താമരശ്ശേരി വഴി നിലവിലുള്ളതും നാലുവരിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞതുമായ മൈസൂരിലേക്കുള്ള NH212ലൂടെ താമരശ്ശേരിക്കടുത്തുള്ള മലപുറം (മലോറം) എന്ന സ്ഥലത്തു നിന്നും 7.കി.മി. പുതിയ പാത നിർമ്മിച്ചാൽ കിനാലൂർ എസ്റ്റേറ്റിൽ എത്താവുന്നതാണ്. ഇത് ഏതാണ്ട് പൂർണ്ണമായും റബ്ബർ തോട്ടങ്ങളിലൂടെ കൊണ്ടു പോകാവുന്നതാണ്. മാത്രമല്ല ഇതിന്റെ പകുതിയിലധികവും കിനാലൂർ എസ്റ്റേറ്റിന്റെ തന്നെ ഭാഗമാണ്. കുറഞ്ഞ തോതിലുള്ള കുടിയൊഴിപ്പിക്കൽ മാത്രമെ ഇവിടെ ആവശ്യം വരുന്നുള്ളു എന്നല്ല ആളുകളെ പുനരധിവസിപ്പിക്കുന്നതിന് സമീപ പ്രദേശത്ത് ധാരാളം ഭൂമിയും ലഭ്യമാണ്. പരിസ്ഥിതിയ്ക്ക് കോട്ടമില്ലാത്തതും ചിലവു കുറഞ്ഞതും വലിയ പുനരധിവാസ പ്രശ്നങ്ങളുയർത്താത്തതുമായ ഈ ബദൽ നിർദ്ദേശം ചെവിക്കൊള്ളാൻ പോലും ഇവിടുത്തെ അധികാരികൾ തയ്യാറാവാത്തതിനാൽ ഭരണഘടന ഉറപ്പു നൽകുന്നു ജീവിക്കാനുള്ള അവകാശവും സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുള്ള അവകാശവും പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും

മുൻനിർത്തി ഇതിന്റെ ഇരകളായ ഞങ്ങൾ ഒരു സമര പാതയിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ്.

പ്രസ്തുത സാഹചര്യത്തിൽ കിനാലൂരിൽ ഉപനഗരം, എഡ്യു സിറ്റി, മെഡിസിറ്റി എന്നൊക്കെ മാറ്റി മാറ്റി പറഞ്ഞ് നിഗൂഢമായ ചില സംരംഭങ്ങൾ സ്ഥാപിക്കുവാൻ ഇറങ്ങി പുറപ്പെട്ടവരോടും ജനജീവിതത്തിന്റെ അജണ്ട നിശ്ചയിക്കുന്ന കേന്ദ്ര-സംസ്ഥാന-ജില്ലാഭരണകൂടങ്ങളോടും പ്രതിപക്ഷ നേതാവിനോടും ജനപ്രതിനിധികളോടും മുഖ്യധാര മീഡിയകളോടും കക്ഷിരാഷ്ട്രീയ നേതാക്കളോടും വിവിധ മത നേതാക്കളോടും മനുഷ്യാവകാശ പ്രവർത്തകരോടും ന്യായാസനങ്ങളിലിരിക്കുന്നവരോടും ഇതിനെല്ലാം ഇരയായി തീരാൻ പോവുന്ന നിസ്സഹായരായ ഒരു കൂട്ടം പൗരൻമാർ ചോദിക്കുന്ന താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം ലഭിക്കേണ്ടിയിരിക്കുന്നു.

1. മറിച്ചു വിൽക്കുവാൻ വേണ്ടി ഭൂമാഫിയകളും അവരുടെ ബിനാമികളും കൈവശപ്പെടുത്തിയ ഭൂമി സങ്കീർണമായ നിയമ കുരുക്കിലകപ്പെട്ടപ്പോൾ അതിനു പരിഹാരമായി കൊണ്ടുവന്നതല്ലേ ഈ പദ്ധതി ?

2. കോടിക്കണക്കിന് രൂപ ചിലവഴിച്ച് നേരത്തെ നിർമ്മിച്ച ഗ്രോത്ത് സെന്ററിൽ ഒരു ബീഡി തെരപ്പുകാരെനെപോലും ആകർഷിക്കുവാൻ കഴിയാതെ, കഴിഞ്ഞ പതിനാല് വർഷമായി അടച്ചിട്ടിരിക്കുന്നതും സാമൂഹ്യവിരുദ്ധരുടെ താവളവുമായ 'ഭാർഗവീനിലയം' അവിടെ നോക്കുകുത്തിയായി നിലനിൽക്കുമ്പോൾ തുടങ്ങാനിരിക്കുന്നവയുടെ ഗതിയും ഇതു തന്നെയാവില്ലെ ?

3. 270 ഏക്ര ഭൂമിയിൽ വ്യവസായം തുടങ്ങിയതിന് 500 കോടി ചിലവഴിച്ച് ആയിരക്കണക്കിനാളുകളെ വഴിയാധാരമാക്കി ആവാസ വ്യവസ്ഥ തകർത്ത് ഒടുങ്ങാത്ത പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ജന്മം നൽകി കൊണ്ട് ഒരു പ്രത്യേക റോഡ് നിർമ്മിക്കേണ്ടതുണ്ടോ?

4. കേവലം 65 കിലോമീറ്റർ മാത്രം ശരാശരി വീതിയുള്ള കേരള സംസ്ഥാനത്തിൽ കിനാലൂരിലേക്കുള്ള നിർദ്ദിഷ്ട റോഡിന് സമാന്തരമായി ഇരുവശങ്ങളിലുമായി, മംഗലാപുരത്തേക്കുള്ള റയിൽ പാത, കണ്ണൂർ റോഡ്, കോഴിക്കോട് ഉള്ളേ്യരി റോഡ്, നരിക്കുനി പൂനൂർ റോഡ്, മുക്കം റോഡ്, വയനാട് റോഡ് തുടങ്ങിയ റോഡുകൾക്കും കോരപ്പുഴ, പൂനൂർ പുഴ എന്നീ പുഴകൾക്കുമിടയിൽ ജനനിബിഡമായ പ്രദേശങ്ങളിൽ കൂടെ 100 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് അതിലൂടെ 30 മീറ്റർ വീതിയിൽ ഇനി ഒരു റോഡു കൂടി വേണ്ടതുണ്ടോ?

5. ഇവയ്ക്കെല്ലാം പുറമെ മുകളിൽ പറഞ്ഞ റോഡിനു സമാന്തരമായി

തീരദേശ റോഡും മലയോര ഹൈവേയും അംഗീകാരം ലഭിച്ച് നിർമ്മാണ പ്രവർത്തി കാത്തിരിക്കുകയല്ലേ? അപ്പോൾ പിന്നെ ജനങ്ങളെ പിഴുതെറിഞ്ഞ് ഇത്തരം ഒരു റോഡു കൂടി ആവശ്യമുണ്ടോ?

6. പോർട്ട് ട്ടു പോർച്ച് എന്ന നിലക്കുള്ള റോഡിൽ കൂടെ മാത്രമെ കോർപ്പറേറ്റ് തമ്പുരാൻമാർക്ക് സഞ്ചരിച്ചു കൂടൂ എന്നുണ്ടോ?

7. ഇതിനോടൊപ്പം വരുന്ന മോണോ റയിലിൽ ടെർമിനൽ ട്ടു ടെർമിനൽ എന്ന രീതിയിൽ ഓടാനിരിക്കുന്ന ട്രയിനിൽ തമ്പുരാക്കന്മാർ യാത്ര ചെയ്യുകയും നാട്ടുകാർ മേല്പ്പോട്ടു നോക്കി അന്തം വിടുകയും ചെയ്താൽ മതി എന്നല്ലെ അധികാരികൾ വിഭാവനം ചെയ്യുന്നത്?

8. നന്മണ്ടയിലെ നാരകശ്ശേരി പാടശേഖരം മുതൽ കാക്കൂർ അങ്ങാടിയും കഴിഞ്ഞ് കക്കോടിയിൽ പൂനൂർ പുഴ വരെ നീണ്ടു നിൽക്കുന്ന വയൽ ശൃംഘലയുടെ ഭൂരിഭാഗവും മണ്ണിട്ടു നികത്തി റോഡു നിർമ്മിക്കുമ്പോൾ മഴക്കാലത്ത് തോടുകൾ കവിഞ്ഞ് പുഴപോലെ ഒഴുകുന്ന വെള്ളം എവിടേക്ക് തിരിച്ചു വിടും?

9. ചേളന്നൂരിലും വേങ്ങേരിയിലും വയൽ നികത്തിയതിന്റെ ദൂഷ്യഫലം കണ്ടറിഞ്ഞവരല്ലെ നമ്മൾ?

10. തോടുവരമ്പിനേക്കാൾ 3 മീറ്റർ ഉയരത്തിൽ വയലുകളിൽ മണ്ണിട്ട് റോഡു നിർമ്മിക്കുമ്പോൾ പ്രദേശങ്ങൾ വിഭജിക്കപ്പെടുകയില്ലേ?

11. സമീപ പ്രദേശത്തെ കുന്നുകളെല്ലാം മണ്ണെടുത്ത് നിരത്തപ്പെടുന്നതു മൂലം രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുകയില്ലേ?

12. കോടികൾ ചിലവിട്ട് നിർമ്മിക്കുവാൻ പോകുന്ന റോഡ് കിനാലൂരിനെ കോട്ട കെട്ടി അതിർത്തി തിരിക്കുന്ന കാന്തലാട് മലയിൽ മുട്ടി നിൽക്കില്ലേ?

13. കൂട്ടാലിട മുതൽ വയനാട്ടിലെ തരിയോട് വരെ കാന്തലാട് മലയോട് തോൾ ചേർന്നു നിൽക്കുന്നതും വ്യത്യസ്ത പേരിലറിയപ്പെടുന്നതുമായ മല നിരകൾ റോഡിന് കടന്നു പോകാനോ തുരന്ന് പോവാനോ കഴിയാത്തവയാണ്. ആയതിനാൽ ഭാവിയിൽ ഒരു കാലത്തും തന്നെ ഈ റോഡിന് ഒരു തുടർച്ചയുണ്ടാവാൻ പോവുന്നില്ല. ഭീമമായ തുക ചിലവഴിച്ച് ഇത്ര ചെറിയ ദൂരത്തിനായി റോഡുകൾ തിങ്ങി നിറഞ്ഞ ഈ മേഖലയിൽ മറ്റൊരു പുതിയ റോഡ് കൂടി ആവശ്യമുണ്ടോ?

14. 'വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്രേ' എന്ന ചൊല്ലു പോലെ ഈ പ്രദേശത്തു കൂടി നിരവധി റോഡുകളുണ്ടെങ്കിലും അവയൊന്നും തന്നെ നന്നായി മെയിന്റയിൻ ചെയ്യാറില്ല. ഈ ഒരവസ്ഥയിൽ മേജർ ഡിസ്ക്ട്രിക് റോഡായി ഉയർത്തിയ കോഴിക്കോട് ബാലുശ്ശേരി റോഡിന്റെ കൊടിയ വളവുകൾ നിവർത്തി അഭിവൃദ്ധിപ്പെടുത്തിയാൽ പോരേ?

15. വടക്കു ഭാഗത്ത് കാന്തലാട് മല കോട്ട കെട്ടി വഴി മുടക്കുന്ന ഭൂപ്രകൃതി നിർദ്ദിഷ്ട പ്രോജക്ട് ഭാവിയിൽ ഒരു നിലക്കും വിപുലീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സമ്പന്നരുടെ സൈ്വര്യ വിഹാര കേന്ദ്രത്തിനു മാത്രമായി മറ്റൊരു പുതിയ റോഡ് കൂടി വേണമെന്നത് ആരുടെ ശാഠ്യമാണ്.?

16. ഒരുപാട് മലകൾക്കും കുന്നുകൾക്കുമിടയിൽ സ്ഥിതി ചെയ്യുന്ന നേർത്ത ബെൽട്ടിൽ ജനങ്ങൾ തിങ്ങി വസിച്ചു വരുന്ന കേരളത്തിന്റെ ഭൂപ്രകൃതി പരമായ പ്രത്യേകത ഇവിടുത്തെ ഭരണ കൂടങ്ങൾക്കറിയില്ലേ? വർദ്ധിച്ച ജനസാന്ദ്രത മൂലവും ഭൂമിയുടെ അഭാവം മൂലവും ശവമടക്കാൻ സ്വന്തം അടുക്കള പൊളിക്കേണ്ടി വരുന്നവരുടെ നാടാണ് കേരളമെന്നത് ഭരണാധികാരികൾക്കറിയില്ലേ?

17. **We,the people of India** എന്ന് ജനങ്ങളെ ആണയിട്ട് തുടങ്ങുന്ന ഇന്ത്യൻ ഭരണഘടന പൗരന് നൽകുന്ന സ്വത്തുക്കൾ ആർജിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അവകാശം കാറ്റിൽപറത്തി ഒരിക്കൽപോലും പോളിംഗ് ബൂത്തിൽ പോയിട്ടില്ലാത്ത, ഇനിയുംപോകാനിടയില്ലാത്ത ,പൊതുജനങ്ങളെ മഹാശല്യമായി കാണുന്ന കോർപ്പറേറ്റ് തമ്പുരാക്കന്മാരോടാണോ അതല്ല സാധാരണ പൗരൻമാരോടാണോ ഇതേഭരണഘടനതൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്ന ജന പ്രതിനിധികൾക്ക് അനുഭാവം?

18.നിർദിഷ്ട പ്രോജക്ടിന്റെ പ്രത്യേകതകളും അതിനെ കുറിച്ചുള്ള വിവരണങ്ങളും സുതാര്യമാക്കികൂടെ?

19.ഈമണ്ണിൽ പിറന്നവരും ഈനാടിന്റെ ഐക്യവും സമാധാനവും നെഞ്ചേറ്റിയ ജനങ്ങളെയാണോ അതല്ല മലേഷ്യയിൽനിന്ന് പണച്ചാക്കുമായി ഇവിടെ വന്ന ഇവിടെ വേരുകളില്ലാത്ത കോർപ്പറേറ്റുകളെ യാണോ ഭരണകൂടങ്ങൾ ചേർത്തുനിർത്തേണ്ടത്?

20.ഇവിടുത്തെ പൊതു മരാമത്ത് വകുപ്പ് , ജില്ലാഭരണകൂടം,വ്യവസായ വകുപ്പ് എന്നിവ ക്കൊന്നും തന്നെ ഇതിനെ കുറിച്ചുള്ള വിശദ വിവരങ്ങൾ ഒന്നും അറിയില്ല എന്ന് വരുമ്പോൾ ഇതിനുപിന്നിൽ പലനിഗൂഢതകളും നിറഞ്ഞിരിക്കുന്നില്ലേ?

21. കിനാലൂരിൽ നടന്നേക്കാവുന്ന നിർമ്മാണ പ്രവർത്തനത്തിനുള്ള കരാർ ജോലികൾ മൾട്ടി നേഷനൽ കമ്പനികൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ. മലയാളികളായ തൊളിലാളികളെ അടുപ്പിക്കാത്ത അത്തരം കമ്പനികളുടെ പ്രത്യേകത കാരണം നിർമ്മാണ മേഖലയിൽ സൃഷ്ടിക്കപ്പെട്ടേക്കാവുന്ന തൊഴിലവസരങ്ങളിൽ നമ്മുടെ നാട്ടുകാർക്ക് എന്തെങ്കിലും പങ്ക് ലഭിക്കുമോ?

22.റോഡുകൾ കടന്നു പോകുന്ന സ്ഥലങ്ങളിൽ ഇരകൾ നേരിടാൻ

പോകുന്ന പ്രയാസങ്ങൾക്ക് എന്തു പരിഹാരം കാണും.?

23. അക്വിസിഷൻ എന്ന് പറയുന്നത് ചില്ലിക്കാശ് കൊടുത്ത് ബലമായി പിടിച്ചിറക്കലല്ലാതെ മറ്റെന്താണ്?

24. കിനാലൂർ എസ്റ്റേറ്റിന്റെ പ്രശ്നങ്ങളുടെ പരിഹാരമായി ഭൂമി വിൽക്കുവാൻ അവരെ അനുവദിയ്ക്കുക, ആ ഭൂമിയിൽ ഏറിയ പങ്കും മറിച്ചു വിൽക്കുവാനായി ഭൂമാഫിയകളും അവരുടെ ബിനാമികളും കൈവശപ്പെടുത്തുക, അത് വൻ വിലയ്ക്ക് വിറ്റഴിക്കാൻ വ്യവസായ വൽക്കരണത്തിനായി മലേഷ്യൻ കമ്പനിയെ ക്ഷണിക്കുക, ഭൂമാഫിയകളുടേയും അവരുടെ ബിനാമികളുടേയും ഭൂമി മലേഷ്യൻ കമ്പനി നേരിട്ടെടുക്കുന്ന രീതിയിൽ കരാറിലെത്തുക- ഇതെല്ലാം ഒരു തിരക്കഥയുടെ അടിസ്ഥാനത്തിലുള്ള നാടകങ്ങളല്ലേ?

25. മലേഷ്യൻ കമ്പനിക്കു വേണ്ടി പ്രത്യേക റോഡിനു വേണ്ട സ്ഥലം സർക്കാറിനെക്കൊണ്ട് തുച്ഛവിലയ്ക്ക് ഏറ്റെടുപ്പിക്കാനല്ലേ KS I DC യുടെ സ്ഥലത്ത് ചെറിയ ചില സംരംഭങ്ങൾ തുടങ്ങുന്നത്?

26. സർക്കാറിന്റെ അക്വിസഷനിൽ സ്ഥലമുടമകൾക്ക് തുച്ഛം പണം കൊടുത്ത് കൈക്കലാക്കാൻ കഴിയുമെന്ന കുതന്ത്രമല്ലേ ഇതിന്റെ പിന്നിലുള്ളത്? കിനാലൂരിൽ ഗ്രോത്ത് സെന്ററിനു വേണ്ടി വട്ടോളി ബസാറിൽ നിന്നും കിനാലൂരിലേക്കുള്ള റോഡിന്റെ വീതി 13 മീറ്ററാക്കിയപ്പോൾ റോഡ് സൈഡിലുള്ളവർക്ക് സെന്റിന് 3,500രൂപയല്ലാതെ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ? (നീണ്ട കേസ് നടത്തിയ ചിലർക്ക് മാത്രം 7,500 രൂപ മുതൽ 10,000രൂപ വരെ ലഭിച്ചിട്ടുണ്ടെന്നറിയുന്നു) ഭൂമി നഷ്ടപ്പെട്ടവർക്ക് ഈ തുകയ്ക്ക് കേരളത്തിലെ ഏതെങ്കിലും കുഗ്രാമത്തിൽ പോലും റോഡരികിൽ ഈ നിരക്കിൽ സ്ഥലം ലഭിക്കുമോ?

27.KS I DCയുടെ സ്ഥലത്ത് നിർമ്മിക്കാൻ പോകുന്നു എന്നു പറയുന്ന എഡ്യുസിറ്റിയും മെഡിസിറ്റിയും റോഡിന്റെ പണി പൂർത്തിയായാൽ ഗ്രോത്ത് സെന്റർ പോലെയും വേങ്ങേരി പച്ചക്കറി സംഭരണ കേന്ദ്രം പോലെയും ഉപേക്ഷിക്കാവുന്നതല്ലേ?

28. ഭൂമാഫിയകളുടേയും അവരുടെ ബിനാമികളുടേയും സ്ഥലം വൻ വിലക്ക് കമ്പനി നേരിട്ടെടുക്കുകയും റോഡിനുള്ള സ്ഥലം സർക്കാർ തുച്ഛവിലയ്ക്കെടുക്കുകയും ചെയ്യുന്നത് ഒരേ പന്തിയിൽ രണ്ടു തരം വിളമ്പലല്ലേ?

29. കോഴിക്കോട് എയർപോർട്ടിൽ നിന്നും കിനാലൂരിലേക്കുള്ള വഴിയിൽ മാളിക്കടവ് വരെ രണ്ടു വരി പൊതു പാത മതിയാവുന്നവർക്ക് അവിടുന്നങ്ങോട്ട് സർക്കാർ തുച്ഛമായ സംഖ്യക്ക് അക്വിസിഷൻ നടത്തി കൊടുക്കുന്ന സ്ഥലത്ത് മലേഷ്യൻ കമ്പനി നിർമ്മിക്കുന്ന ടോൾ കൊടുത്തുപയോഗിക്കേണ്ട സ്വകാര്യ സമർപ്പിത പാത ഒരുക്കി കൊടു

ക്കുന്നത് ആരെ സഹായിക്കാനാണ്?

**30.** വയലുകൾ തുച്ഛമായ വിലയ്ക്കെടുക്കാൻ കഴിയുന്നതിനാലും അതു പയോഗിച്ച് റോഡ് പണിയുമ്പോൾ ധാരാളം എർത്തു വർക്കു ലഭിക്കുമെന്നതിനാലല്ലേ ബദൽ സംവിധാനം സ്വീകാര്യമാവാത്തത്?

**31.**ഐ.ടി.അധിഷ്ഠിത വ്യവസായങ്ങളാണിവിടെ തുടങ്ങുക എന്നാണ് അറിയാൻ കഴിയുന്നത്. ഐ.ടി വ്യവസായം തുടങ്ങുന്നതിന് ഇത്രയും വിശാലമായ സ്ഥലവും നാലു വരി പാതയും ആവശ്യമുണ്ടോ? കേരളത്തിലെ മിക്കവാറും നഗരങ്ങളിൽ ഇപ്പോൾ ഐ.ടി പാർക്കുകൾ നാലു വരി പാതയില്ലാതെ തന്നെ പ്രവർത്തിച്ചു വരുന്നില്ലേ? അപ്പോൾ പിന്നെ വ്യവസായ വികസനം എന്ന മറ പിടിച്ച് മലേഷ്യൻ കമ്പനിയുടെ വകയായി അവരുടെ പതിവു രീതിയിൽ പാർപ്പിട നഗരം സ്ഥാപിക്കുകയല്ലേ ഉദ്ദേശം?.

**32.** മാളിക്കടവിൽ നിന്നും വയലുകൾ നികത്തി ഉണ്ടാക്കാനുദ്ദേശിക്കുന്ന റോഡിന് 26 കിലോമീറ്ററിന്റെ നിർമ്മാണ പ്രവൃത്തി തരപ്പെടുമെന്നതും ഇഷ്ടം പോലെ എർത്ത് വർക്ക് ഉണ്ടാവുമെന്നതും നിർദ്ദേശിക്കപ്പെട്ട ബദൽ സംവിധാനത്തിൽ കേവലം 7 കിലോ മീറ്ററിന്റെ പുതിയ റോഡേ വേണ്ടൂ വെന്നതും അതിൽ എർത്ത് വർക്ക് നാമമാത്രമായി മാത്രമേ വരൂ എന്നുള്ളതും ആരെയെങ്കിലും അസ്വസ്ഥതപ്പെടുത്തുന്നുണ്ടോ?

**33.** ആരോപണങ്ങളുയർന്നപ്പോൾ, മലേഷ്യൻ കമ്പനിയെക്കുറിച്ചും പ്രൊജക്ടിനെക്കുറിച്ചുമുള്ള ഇന്റർനെറ്റിലെ wwwskyscapercity.com എന്ന സൈറ്റിൽ നിന്ന് ചില ഭാഗങ്ങൾ പിൻവലിച്ചതെന്തിനാണ്?

**34.** ബഹുമാനപ്പെട്ട വ്യവസായ മന്ത്രി കവലകൾ തോറും നടത്തുന്ന പാതിരാ പ്രസംഗങ്ങളിൽ വിളിച്ചു പറയുന്ന പാക്കേജുകൾക്കെന്തു വിലയാണുള്ളത്?. മൂലമ്പള്ളിയിലും, കോതിയിലും തൊണ്ടയാട്ടും കുടിയിറക്കപ്പെട്ടവർ ചില്ലിക്കാശും കിട്ടാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നത് പത്രവാർത്തകളിൽ നമ്മളൊക്കെ വായിച്ചറിഞ്ഞതല്ലേ?. കിനാലൂർ ഗ്രോത്ത് സെന്ററിലേക്കുള്ള റോഡിന് അക്വിസിഷൻ നടത്തിയപ്പോൾ തുച്ഛമായ പണം മാത്രം നൽകിയതിനെതിരെ കോടതിയെ സമീപിച്ചപ്പോൾ ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനെ KS I DCതന്നെ കോടതിയിൽ എതിർത്തതല്ലേ?

**35.** ബഹുമാനപ്പെട്ട വ്യവസായ മന്ത്രി രാഷ്ട്രീയത്തിൽ പിച്ചവെച്ച് പഠിച്ചതും, പിന്നീട് തന്റെ പ്രവർത്തന മണ്ഡലമായിരുന്നതും, ഇന്ത്യയിലെ വ്യവസായ ഭീമന്റെ ഉടമസ്ഥതയിലുള്ളതും, പതിനായിരക്കണക്കിന്

**ആളുകൾക്ക് തൊഴിൽ നൽകിയിരുന്നതുമായ ഗോളിയോർ റയോൺസ് പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ചാലിയാറിന്റെ കരയിൽ താമസിക്കുന്ന ഏതാനും ചെറിയ മനുഷ്യർ ചേർന്ന് പൂട്ടിച്ച കാര്യം മന്ത്രി ഓർക്കുന്നില്ലേ?**

ഈ ഒരവസ്ഥയിൽ കോഴിക്കോട് എയർ പോർട്ടിൽ നിന്നും രണ്ടു വരി പാതയിൽ സഞ്ചരിക്കാവുന്നവർക്ക് മാളിക്കടവിൽ നിന്നങ്ങോട്ട് കുന്നുകളിടിച്ച് വയലുകൾ നിരത്തി രൂക്ഷമായ കുടിവെള്ള ക്ഷാമവും മഴക്കാലത്ത് വെള്ളപ്പൊക്കവും ഉണ്ടാക്കുന്ന, പരിസ്ഥിതി തകിടം മറിയ്ക്കുന്ന, അനേകം കുടുംബങ്ങളെ ഭവന രഹിതരാക്കുന്ന, ചുങ്കം കൊടുത്ത് സഞ്ചരിക്കേണ്ട ഒരു സ്വകാര്യ സമർപ്പിത പാത ഒരുക്കി കൊടുക്കാനുള്ള സംരംഭം ഒരു അതിക്രമമായി കണ്ട് ഞങ്ങൾ എതിർക്കുന്നു. ഇത് അനുവദിക്കുക എന്നത് വരാനിരിക്കുന്ന തലമുറയോട് ചെയ്യുന്ന ഒരു നന്ദി കേടും കൂടി ആയതിനാൽ ഞങ്ങൾ സമരരംഗത്തേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ്. ഈ സമരം കിനാലൂരിൽ വ്യവസായങ്ങൾ വരുന്നതിലല്ല മറിച്ച് ആവാസ വ്യവസ്ഥയും പരിസ്ഥിതിയും നശിപ്പിച്ചു കൊണ്ട് വിദേശ സ്വകാര്യ കുത്തകൾക്കായുള്ള ഒരു നിയന്ത്രിത പാതയെ മാത്രമാണ് ഞങ്ങൾ എതിർക്കുന്നത്. സർക്കാർ കാര്യങ്ങൾ മനസ്സിലാക്കി, ദുരഭിമാനം വെടിഞ്ഞ് ജനങ്ങളുടെ ഭാഗത്ത് നിൽക്കണമെന്ന് സവിനയം അപേക്ഷിച്ചു കൊള്ളുന്നു.

ഇനി നിങ്ങൾ പറയൂ കിനാലൂരിലേക്ക് B.O.T അടിസ്ഥാനത്തിൽ വിദേശികളുടേതായി ഒരു സ്വകാര്യ ഡെഡിക്കേറ്റഡ് പാത വേണ്ടതുണ്ടോ?

കോഴിക്കോട്
18.1.10

ജനജാഗ്രത സമിതി കേരള
Reg No.595/09